**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 271** **16-09-2025-ൽ മറുപടിയ്ക്ക്**

**<u>ആശുപത്രികൾക്കായി മാസ്റ്റർ പ്ലാൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. പി. ബാലചന്ദ്രൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ വിവിധ വിഭാഗങ്ങൾ രോഗികൾക്ക് സൗകര്യപ്രദമായ രീതിയിലല്ല പലയിടത്തും ക്രമീകരിച്ചിരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** രോഗികൾക്ക് സൗകര്യ പ്രദമായ രീതിയിലാണ് സർക്കാർ ആശുപത്രികളിലെ വിവിധ വിഭാഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

2016-17 കാലഘട്ടത്തിൽ 'ജന സൗഹാർദ്ദ സർക്കാർ ആശുപത്രികൾ' എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ആർദ്രം മിഷൻ പ്രകാരം ഓരോ സ്ഥാപനങ്ങളിലേയും പ്രവർത്തനങ്ങളിൽ സ്റ്റാൻന്റേർഡൈസേഷൻ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സർക്കാർ ആശുപത്രിയിൽ വരുന്ന രോഗികൾക്ക് IPHS മാനദണ്ഡപ്രകാരമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ പൊതുജനങ്ങൾ ഏറ്റവും കൂടുതൽ സന്ദർശിക്കുന്ന ഒ.പികൾ രോഗീ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി പരിവർത്തനം ചെയ്യപ്പെട്ട ആശുപത്രികളിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വിശ്രമിക്കുന്നതിനായി കാത്തിരിപ്പ് കേന്ദ്രം, പ്രത്യേക രജിസ്ട്രേഷൻ കൗണ്ടർ, ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും ബുദ്ധിമുട്ടില്ലാതെ സഞ്ചരിക്കാനുള്ള റാമ്പുകളും റെയിലുകളും തുടങ്ങിയവ നിർമ്മിച്ചിട്ടുണ്ട്. ലാബ്, ഫാർമസി, ഇവിടങ്ങളിൽ പ്രത്യേകം വെയിറ്റിംഗ് ഏരിയ, ടോക്കൺ സംവിധാനം, ദിശാബോർഡുകൾ, സ്ത്രീകൾക്കും, പുരുഷന്മാർക്കും, ഭിന്നശേഷിക്കാർക്കും പ്രത്യേക ശുചിമുറികൾ എന്നിവ ഇതിന്റെ ഭാഗമായി തയ്യാറാക്കുന്നു.

**(ബി)** സർക്കാർ ആശുപത്രികളുടെ അടിസ്ഥാനസൗകര്യങ്ങൾ ക്രമീകരിച്ച് മാസ്റ്റർ പ്ലാൻ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ച എല്ലാ പുതിയ ആശുപത്രി കെട്ടിടങ്ങളും മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** മെഡിക്കൽ കോളേജുകളിലും മറ്റ് പ്രധാന സർക്കാർ ആശുപത്രികളിലും മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനാണ് സർക്കാർ നടപടി സ്വീകരിച്ചു വരുന്നത്.

ആർദ്രം മിഷൻ, കിഫ്ബി, നബാർഡ്, പ്ലാൻ ഫണ്ട് തുടങ്ങിയ വിവിധ ഫണ്ടുകൾ ഉപയോഗിച്ചുകൊണ്ടുള്ള നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ആശുപത്രികളിൽ നടന്നു വരുന്നുണ്ട്. സംസ്ഥാനത്താകെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 73 പദ്ധതികളും, നബാർഡ് ഫണ്ട് ഉപയോഗിച്ച് 24 പദ്ധതികളുമാണ് ഉള്ളത്.

**(സി)** ആശുപത്രികളിൽ നിലവിൽ നടപ്പിലാക്കി വരുന്ന മാസ്റ്റർപ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ശുചിത്വം, മാലിന്യ നിർമ്മാർജനം എന്നിവ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പുതല നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തുകയും വകുപ്പ് മേധാവി തലത്തിലും മന്ത്രി തലത്തിലും അവലോകന യോഗങ്ങൾ നടത്തുകയും പദ്ധതി നടത്തിപ്പ് സസൂക്ഷ്മം നിരീക്ഷിക്കുകയും ചെയ്തുവരുന്നുണ്ട്.

മാസ്റ്റർ പ്ലാൻ പ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം എന്നിവ ഉറപ്പവരുത്താൻ പ്രത്യേകമായി തുക വകയിരുത്തുകയും എല്ലാ കെട്ടിടങ്ങളിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് സിസ്റ്റം എന്നിവ സ്ഥാപിക്കുന്നുമുണ്ട്. അതോടൊപ്പം ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് നിർമ്മാർജ്ജനം കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുമുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിനായി IPHS മാനദണ്ഡ പ്രകാരമുള്ള ശുചിത്വം ആശുപത്രികളിൽ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി എല്ലാ ആശുപത്രികളിലും STP സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ എല്ലാ ആശുപത്രികളിലേയും ബയോമെഡിക്കൽ വേസ്റ്റുകൾ യഥാസമയം നീക്കം ചെയ്തുവരുന്നുണ്ട്.

**(ഡി)** മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ആശുപത്രികൾ രോഗീസൗഹൃദം ആക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** മാസ്റ്റർ പ്ലാനിന്റെ ഭാഗമായും അല്ലാതെയും നിർമ്മിക്കുന്ന കെട്ടിടങ്ങൾ രോഗീ സൗഹൃദമായാണ് നിലവിൽ നിർമ്മിച്ചു വരുന്നത്. ആയതിന്റെ ഭാഗമായി ഇ-ഹെൽത്ത് സംവിധാനം, കേന്ദ്രീകൃത ലബോറട്ടറി സംവിധാനം, ലാബ്, റേഡിയോളജി, മറ്റ് അനുബന്ധ വിഭാഗങ്ങളുടെ റിസൾട്ടുകൾക്കായി ഏകജാലക സംവിധാനം, രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി പ്രത്യേകമായി വെയിറ്റിംഗ് ഏര്യ, കുടിവെള്ള സംവിധാനം, ടോയിലെറ്റ് സംവിധാനം, പാർക്കിംഗ് സംവിധാനങ്ങൾ, ഫയർ & സേഫ്റ്റി സംവിധാനങ്ങൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവയും ഒരുക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ ആശുപത്രികളിൽ ജന സൗഹാർദ്ദ അന്തരീക്ഷം, ഒ.പി നവീകരണം, മെച്ചപ്പെട്ട ഭൗതീക സാഹചര്യം, സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷ മാർഗ്ഗ രേഖകൾ അനുസരിച്ചുള്ള ചികിത്സ പ്രീ ചെക്ക്, പോസ്റ്റ് ചെക്ക് കൗൺസലിംഗ് സൗകര്യം, ശ്വാസ്, ആശ്വാസ് പദ്ധതികൾ, ശിശു-മാതൃ വയോജന കൗമാര ആരോഗ്യം, പകർച്ച വ്യാധി പ്രതിരോധം, അർബുദപ്രതിരോധം, കുഷ്ഠരോഗ നിർണ്ണയം എന്നിവ പൊതുജന പങ്കാളിത്തത്തോടെയും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും നടപ്പിലാക്കി വരുന്നു.

മേൽ പ്രവർത്തനങ്ങൾക്കൊപ്പം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ/ജനറൽ ആശുപത്രികളിൽ ജനസൗഹാർദ്ദ അന്തരീക്ഷം, ഒ.പി. നവീകരണം, സി.ടി. സ്കാൻ, അൾട്രാ സൗണ്ട്, ആധുനിക ലാബ്, സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ്, മറ്റേണിറ്റി സേവനങ്ങൾ, ട്രോമ കെയർ, സൂപ്പർ സ്പെഷ്യാലിറ്റി കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, യൂറോളജി, എന്നിവ ഘട്ടംഘട്ടമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രികളിൽ ജനസൗഹാർദ്ദ അന്തരീക്ഷം, ഒ.പി. നവീകരണം, നവജാത ശിശു പരിചരണ വിഭാഗം, മറ്റേണിറ്റി സേവനങ്ങൾ, ട്രോമ കെയർ, ഡയാലിസിസ് സംവിധാനം, അടിസ്ഥാന സ്പെഷ്യാലിറ്റികളായ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഓർത്തോ പീഡിക്സ്, ഇ.എൻ.റ്റി., നേത്ര വിഭാഗം, ട്രോമ കെയർ, എന്നിവ നടപ്പാക്കി വരുന്നുണ്ട്. അതോടൊപ്പം തന്നെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ജനസൗഹാർദ്ദ അന്തരീക്ഷം സൃഷ്ടിക്കുവാൻ വേണ്ടി പൊതുജന പങ്കാളിത്തത്തോടും വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയും വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**